LIBRARY ARCHIVES Kerala Legislative Assembly

പറമ്പിക്കുളം-ആളിയാർ കരാർ

*2 [2] *ശ്രീ. രാജു എബ്രഹാം:*

,, വി. കെ. ചന്ദ്രൻ:

,, വി. ചെന്താമരാക്ഷൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിനർഹതപ്പെട്ട ജലം ലഭിക്കുന്നുണ്ടോ;

(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥയനുസരിച്ച് കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നില്ലെന്ന ജലവിഭവ വകുപ്പുമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2003 ജനുവരിയിൽ കേരളവും തമിഴ്നാടും തമ്മിൽ മന്ത്രിതലത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ;

(ഡി) ഈ കരാറിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ തമിഴ്നാടുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കരാർ അനുസരിച്ച് കേരളത്തിന് എത്ര ടി.എം.സി. ജലമാണ് ലഭിക്കേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇപ്പോൾ എത്ര ടി.എം.സി. ജലമാണ് ലഭിക്കുന്നത്?

അന്തർ സംസ്ഥാന നദീജല ചർച്ച

*3 [29] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന നദീജല തർക്കം സംബന്ധിച്ച് തമിഴ്നാട് മുഖ്യമന്ത്രിയുമായി ഏറ്റവും അവസാനം നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ചർച്ചയിൽ എന്തെങ്കിലും വ്യക്തമായ ധാരണയോ തീരുമാനമോ ഉണ്ടായിട്ടുണ്ടോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻചാണ്ടി)* സർ,

(എ) പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം കേരളത്തിനർഹതപ്പെട്ട ജലം കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പൂർണ്ണമായി ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) 2003 ജനുവരിയിൽ കേരളവും തമിഴ്നാടും തമ്മിൽ മന്ത്രിതലത്തിൽ ചർച്ച നടത്തിയിട്ടില്ല. എന്നാൽ 2004 ജനുവരിയിൽ മന്ത്രിതലത്തിൽ ചർച്ച നടക്കുകയുണ്ടായി. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ കരാറൊന്നും ഉണ്ടാക്കിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നിലവിലുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം കേരളത്തിന്റെ ജലവിഹിതം ഇപ്രകാരമാണ്:

(1) ചാലക്കുടി നദീതടത്തിൽനിന്നും ഓരോ വർഷവും 12.3 ടി.എം.സി. അടി ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാറിൽ അളന്നു പുറത്തുവിടുന്നതാണ്.

(2) ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് ഡാമിന്റെയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16.5 ടി.എം.സി. അടിയിൽ അധികമായി വരുന്ന 2.5 ടി.എം.സി. അടി ജലം ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും വിടേണ്ടതാണ്.

(3) കേരളത്തിലെ ചിറ്റൂർ പുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. അടി ജലം കേരള അതിർത്തിക്കടുത്തുള്ള മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണ്.

(4) പെരിയാർ നദീതടത്തിലെ നീരാർ വിയറിൽനിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ (ഏകദേശം 1.4 ടി.എം.സി. ജലം) കേരളത്തിലേക്ക് തുറന്നുവിടേണ്ടതാണ്.

(എഫ്) പറമ്പിക്കുളം-ആളിയാർ പദ്ധതിപ്രകാരം കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് ഇപ്രകാരമാണ്:

ജലവർഷം	കേരള ഷോളയാർ (എം.സി. അടി)	മണക്കടവ്		നീരാർ (എം.സി. അടി)
		റിയലൈസ്ഡ് അളവ്	അക്സെപ്റ്റഡ് അളവ്	
2003-2004	10621	4722	3647	1494
2004 ജൂലൈ 1 മുതൽ നവംബർ 15 വരെ	3952	1873	-	1018

LIBRARY ARCHIVES Kerala Legislative Assembly

ഇത് ക്ലബ്ബ് ചെയ്യുമെന്നറിയാത്തതുകൊണ്ടാണ് ചോദ്യം നമ്പർ 29 എടുത്തുവയ്ക്കാതിരുന്നത്. (എ) സർ, മുഖ്യമന്ത്രിയുമായി അവിടെവച്ച് ചർച്ച നടത്തിയത് 6-11-2004-ൽ ആണ്. മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ, കേരളം ഉന്നയിച്ച കാര്യങ്ങളിൽ, രണ്ടെണ്ണത്തിൽ അവർ ഉറപ്പുതന്നു. കേരളത്തിനു ബാക്കി വിട്ടുകിട്ടാനുള്ള കെട്ടിടങ്ങൾ 21 എണ്ണം നൽകാമെന്നും മണക്കടവ് വിയറിനും മൂലത്തറ റെഗുലേറ്ററിനും ഇടയിലായി തമിഴ്നാട് കർഷകർ സ്ഥാപിച്ചിട്ടുള്ള അനധികൃത പമ്പുസെറ്റുകൾ ഉടൻതന്നെ നീക്കം ചെയ്യുന്നതാണെന്നും അവർ ഉറപ്പുതന്നു. കേരളം, അവർ ആവശ്യപ്പെട്ട കാര്യങ്ങളിൽ, മുല്ലപ്പെരിയാർ ഡാമിലെ വിച്ഛേദിക്കപ്പെട്ട വൈദ്യുതി ബന്ധം എത്രയും വേഗം പുനഃസ്ഥാപിക്കാൻ നടപടികൾ എടുക്കുന്നതാണെന്നും, മുല്ലപ്പെരിയാർ അണക്കെട്ടിനു സമീപമുള്ള കാട് വെട്ടിത്തെളിക്കുന്നതിനാവശ്യമായ നിർദ്ദേശം കൊടുക്കാമെന്നും സമ്മതിച്ചിരുന്നു. ഇതാണ് മുഖ്യമന്ത്രിയുമായി ഉണ്ടാക്കിയ ധാരണ.

(ബി) മറ്റു മന്ത്രിതല ചർച്ച 27-11-2004-ൽ തിരുവനന്തപുരത്തുവച്ചു നടത്തുന്നതിനു തീരുമാനമെടുത്തുകൊണ്ട് യോഗം പിരിഞ്ഞു.

ശ്രീ. രാജു എബ്രഹാം: പാമ്പിക്കുളം-ആളിയാർ കരാറുകൾ സംബന്ധിച്ചുള്ള ചർച്ച നടക്കുമ്പോൾ, ഇപ്പോൾ പുറത്തുവന്നിരിക്കുന്ന പ്രധാനപ്പെട്ട വിഷയം, ആരുമറിയാതെ രഹസ്യമായി രണ്ടര ടി.എം.സി. ജലം ആനമലയാറിൽനിന്നും കൊടുക്കാൻവേണ്ടി രഹസ്യധാരണ ഉണ്ടാക്കിയിരിക്കുന്നു എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ, അവിടെ കാടുവെട്ടി, വൈറ്റിട്ടു, പോസ്റ്റു നാട്ടി എന്നൊക്കെ പറയുന്നതല്ലാതെ, ഇപ്രകാരം ഉണ്ടാക്കിയ കരാർ റദ്ദാക്കാൻവേണ്ടി എന്തെങ്കിലും ചർച്ച നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: 1958 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ 1970-ൽ ആണ് 30 വർഷക്കാലത്തെ കാലപരിധി വച്ചുകൊണ്ടുള്ള എഗ്രിമെന്റ് ഒപ്പുവച്ചത്. 1988-ൽ ആ കരാറിന്റെ കാലാവധി കഴിഞ്ഞു. ആ കരാറിന്റെ പുനരവലോകനം സംബന്ധിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. 19-ാമത്തെ ചർച്ചയാണ് 27-ാം തീയതി ഇവിടെ നടന്നത്. തമിഴ്നാടുമായിട്ടുള്ള നല്ല ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ, കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നുള്ള സമീപനം എല്ലാ ചർച്ചകളിലും നമ്മുടെ സംസ്ഥാനം എടുത്തിട്ടുണ്ട്. ആ നിലയിലാണ് ഇപ്പോൾ നിൽക്കുന്നത്. പക്ഷേ, നമ്മൾ വ്യക്തമായിട്ടുള്ള കരാറിന്റെ ലംഘനങ്ങൾ ചൂണ്ടിക്കാണിച്ചു. അവർ കരാർ ലംഘനമായിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിനെ കാണുന്നത്. വരൾച്ചമൂലം, വെള്ളം ഇല്ലാതെവരുന്ന സാഹചര്യത്തിൽ, ഞങ്ങൾക്ക് വെള്ളം തരാൻ സാധിച്ചില്ല എന്നുള്ള നിസ്സഹായതയാണ് അവർ പ്രകടിപ്പിക്കുന്നത്. പക്ഷേ, നമ്മളെ സംബന്ധിച്ചിടത്തോളം കരാർ പൂർണ്ണമായും പാലിക്കുന്നതിനുവേണ്ടി ചർച്ചകളിലെല്ലാം ശക്തമായിട്ടുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാതെ ഒരു കരാറിലും കേരളം ഇടപെടുകയില്ല.

ശ്രീ. രാജു എബ്രഹാം : ഈ വിഷയത്തിൽ, ഇതിനുമുമ്പ് നടന്നിട്ടുള്ള ചർച്ചകളിൽ, ഇതുമായി ബന്ധപ്പെട്ട് വളരെ തെറ്റായിട്ടുള്ള നടപടിക്രമങ്ങളും ചർച്ചകളും ധാരണകളും ഉണ്ടാക്കിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പു മന്ത്രി ഈ ചർച്ചയ്ക്കുശേഷം പ്രസ്താവിക്കുകയുണ്ടായി. സ്വാഭാവികമായിട്ടും, അന്തർസംസ്ഥാന നദീജല കരാർ സംബന്ധിച്ചുള്ള ചുമതല മുഖ്യമന്ത്രിക്കാണ്. അങ്ങനെയാണെങ്കിൽ ഇതിനുമുമ്പുണ്ടായിരുന്ന മുഖ്യമന്ത്രിയാണോ ഈ ഗുരുതരമായ വീഴ്ചകൾ വരുത്തിയിട്ടുള്ളത്; അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി : മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഈ കാര്യത്തിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ല.

ശ്രീ. വി. കെ. ചന്ദ്രൻ : പറമ്പിക്കുളം-ആളിയാർ നദീജല കരാറുമായി ബന്ധപ്പെട്ട് തമിഴ്നാട് ചില കരാറുകൾ ലംഘിച്ചു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ആ കരാർ ലംഘിക്കപ്പെട്ടതിൽ, കേരളത്തിന് അർഹമായ ജലം അളന്നു കിട്ടേണ്ടുന്ന, മണക്കടവ് വിയറിൽനിന്നും അപ്പർ നീരാറിൽനിന്നും കേരള ഷോളയാറിൽനിന്നും നമുക്ക് ലഭ്യമാകേണ്ട വെള്ളം യഥാസമയം വാങ്ങിയെടുക്കാൻവേണ്ടി കഴിയുന്നില്ല. അതിനുപുറമെ തമിഴ്നാട് ഇപ്പോൾ ആളിയാർ-തിരുമൂർത്തി ഡാമുകളുടെ അടിഭാഗത്ത് പുതിയ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. മാത്രവുമല്ല, കേരളത്തിന്റെ അനുമതികൂടാതെ തമിഴ്നാട്-കോണ്ടൂർ കനാലിൽ റീലൈനിംഗ് നടത്തിയിരിക്കുന്നു. കാടാമ്പാറ ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ അനധികൃത നിർമ്മാണം തമിഴ്നാട് ആരംഭിച്ചിരിക്കുന്നു. ഇങ്ങനെ ഒട്ടനവധി കരാർ ലംഘനങ്ങൾ നടത്തുകയും, കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാകാതെവരുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. അതു പരിശോധിക്കാൻ 10-6-2002-ൽ ഒരു യോഗം ചേരുകയും, അതിൽ കരാർ ലംഘനങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കുമെന്ന് പറയുകയും ചെയ്തിരുന്നു. അത് എത്രകണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കരാർ ലംഘനങ്ങളൊക്കെ നടന്നിട്ടുണ്ട്. ആളിയാർ തിരുമൂർത്തി ഡാമുകളുടെ താഴെ വൈദ്യുത പദ്ധതികൾ നിർമ്മിച്ചതും കൊണ്ടൂർ കനാലിന്റെ അറ്റകുറ്റപ്പണികൾ സംസ്ഥാന ഗവൺമെന്റിന്റെ അനുമതി കൂടാതെ നടത്തിയതുമൊക്കെ കരാർ ലംഘനമാണ്. ആ കരാർ ലംഘനങ്ങൾക്കെതിരെ അതാത് സമയത്ത് സംസ്ഥാന ഗവൺമെന്റ് പ്രതിഷേധിച്ചിട്ടുണ്ട്. പക്ഷെ ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യമറിയണം. ഈ കരാർ ലംഘനങ്ങളൊക്കെ നടന്നിട്ടുള്ളത് 1997-ലാണ്. അന്നും ഗവൺമെന്റ് ഇതിനെതിരെ ശക്തമായ പ്രതിഷേധമറിയിച്ചിട്ടുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, കേരള സംസ്ഥാനത്തിന് ലഭ്യമാകേണ്ട വെള്ളം യഥാസമയം ചോദിച്ചുവാങ്ങാത്തതുകൊണ്ടാണ് നഷ്ടപ്പെട്ടത് എന്ന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കഴിഞ്ഞ ദിവസം ഒരു പത്ര സമ്മേളനത്തിൽ പറയുകയുണ്ടായി. അതിൽ പറയുന്നത് മുൻ ജലവിഭവ വകുപ്പു മന്ത്രിയും മുഖ്യമന്ത്രിയും നമുക്കർഹതപ്പെട്ട വെള്ളം ചോദിച്ചുവാങ്ങുന്നതിന് യാതൊരു നടപടിയും എടുത്തില്ലെന്നും അതിന്റെ ഭാഗമായിട്ടാണ് കേരളത്തിനർഹതപ്പെട്ട വെള്ളം കിട്ടാതെ വന്നതും പാലക്കാട് ഉൾപ്പെടെയുള്ള ഒട്ടനവധി പ്രദേശങ്ങളിലെ നെൽകൃഷി ഉണങ്ങിപ്പോകാനിടവന്നതെന്നുമുള്ള അദ്ദേഹത്തിന്റെ പ്രസ്താവന അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ അതിന് മറുപടി പറഞ്ഞു കഴിഞ്ഞു. 1988-ൽ ഈ കരാറിന്റെ കാലാവധി തീർന്നതാണ്. അന്നുമുതൽ ഈ കരാറിനെ സംബന്ധിച്ചുള്ള ഒരു പുനരവലോകനത്തിനുള്ള ചർച്ചകൾ നടക്കുകയാണ്. ഞാൻ മദ്രാസിൽ വച്ച് നടത്തിയത് പതിനെട്ടാമത്തെ ചർച്ചയാണ്. ഈ ചർച്ചകളിലെല്ലാം സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ശ്രമിച്ചത്. ഇവിടെ ഗവൺമെന്റുകളും മുഖ്യമന്ത്രിമാരും വകുപ്പുമന്ത്രിമാരും മാറിമാറി വന്നിട്ടുണ്ട്. പക്ഷെ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ് ഈ ചർച്ചകളിലൊക്കെ എടുത്തിട്ടുള്ളത്. അതുകൊണ്ടു തന്നെയാണ് ഒരു ധാരണയിലും ഇതുവരെ എത്താത്തത്. തമിഴ്നാട് അവരുടെ നിലപാടിൽ ഉറച്ചു നിൽക്കുന്നു. നമ്മളെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടു മാത്രമേ മുന്നോട്ടു പോകുവാൻ സാധിക്കുകയുള്ളൂ. ഞാൻ ഈ സഭയ്ക്ക് ഉറപ്പു തരുകയാണ്. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ള ഒരു നിലപാട് മാത്രമേ ഗവൺമെന്റ് എടുക്കുകയുള്ളൂ. ഇതിനു മുൻപുള്ള ഗവൺമെന്റ് എടുത്ത നിലപാടിനെക്കുറിച്ചും യാതൊരു സംശയത്തിനും സ്ഥാനമില്ല എന്നുള്ള അഭിപ്രായമാണ്.

GPM. 2/543/2012.—5

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പി. എ. പി. കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് കിട്ടേണ്ട 7.25 ടി. എം. സി. ജലം പാലക്കാട് ജില്ലയിലെ നെൽകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ഇരുപതിനായിരം ഹെക്ടർ നെൽകൃഷിക്ക് ഉപയോഗിക്കേണ്ടതായ 7.25 ടി. എം. സി. ജലം ഇന്നേവരെ കേരളത്തിന് ലഭ്യമായിട്ടില്ലെന്ന് മുഖ്യമന്ത്രിയുടെ മറുപടിയിൽതന്നെ വളരെ വ്യക്തമായി പറയുന്നുണ്ട്. കേരളത്തിന് കിട്ടേണ്ട 7.25 ടി. എം. സി. ജലം ലഭ്യമാക്കുന്നതിനാവശ്യമായ എന്ത് നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് തമിഴ്നാട് ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ് നിൽക്കുന്നത്. അവർ നമുക്ക് തരാൻ തയ്യാറാകുന്നത് മഴവെള്ളമാണ്. മഴവെള്ളം നമുക്ക് ആ സമയത്ത് ഇവിടെ ആവശ്യമില്ല. നമുക്ക് ആവശ്യമുള്ള സമയത്ത് തരുന്ന വെള്ളമേ നമ്മൾ accepted quantity യിൽപ്പെടുത്തുന്നുള്ളൂ. അവർ പലപ്പോഴും വെള്ളം തരുന്നുണ്ട്. പക്ഷെ ആ വെള്ളം നമ്മൾ accept ചെയ്തതായി കണക്കാക്കുന്നില്ല. കാരണം മഴവെള്ളം തരുന്നതാണ്. നമുക്കാവശ്യം ഇവിടത്തെ കൃഷിക്കാവശ്യമുള്ള അവസരത്തിൽ വെള്ളം കിട്ടുകയെന്നുള്ളതാണ്. അത് കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമമാണ് ഈ ചർച്ചകളിലൊക്കെ നടത്തിയിട്ടുള്ളത്. കരാർ പ്രകാരം നമുക്ക് ലഭിക്കേണ്ടതാണ്. അത് ലഭിക്കുന്നില്ല. അത് ലഭിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ കഴിഞ്ഞ ഗവൺമെന്റുകൾ നടത്തിയിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽ മൂന്നാമത്തെ ചർച്ചയാണ് ഇപ്പോൾ നടക്കാൻ പോകുന്നത്. എത്രയും വേഗം ഇത് സംബന്ധിച്ച് ഒരു തീരുമാനമുണ്ടാക്കാനുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. ഈ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിച്ചുകൊണ്ടൊരു തീരുമാനമെടുക്കാൻ തന്നെ ശ്രമിക്കും.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോഴും ഇങ്ങനെയൊക്കെയുള്ള ശ്രമം നടത്തുന്നുണ്ട് എന്നല്ലാതെ നമ്മുടെ നാട്ടിലെ കൃഷിക്കാർക്ക് വെള്ളം ലഭ്യമാക്കുന്നില്ല. കഴിഞ്ഞ മൂന്നു വർഷമായി പാലക്കാട് ജില്ലയിൽ കടുത്ത വരൾച്ചയാണ്. ഈ വർഷവും നെൽകൃഷി ഉണങ്ങാൻ പോകുകയാണ്. വെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തുമ്പോൾ തന്നെ കേരളത്തിന് അർഹതപ്പെട്ട വെള്ളം അളന്നു നൽകുന്ന മണക്കടവ് വിയറിൽ നിന്ന് മൂലത്തറ വരെയുള്ള മൂന്ന് കിലോമീറ്ററിനിടയ്ക്ക് റൺതോതിൽ വെള്ളം ചോർത്തിക്കൊണ്ടു പോകുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. അത് തടയുന്നതിന് ആവശ്യമായ യാതൊരു നീക്കവും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്ന യാഥാർത്ഥ്യത്തിനുമുന്നിൽ എന്ത് മറുപടിയാണ് മുഖ്യമന്ത്രിക്ക് പറയുവാനുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: ' ബഹുമാനപ്പെട്ട മെമ്പർ, ഇത് 26 കൊല്ലമായി നടക്കുന്ന ഒരു ചർച്ചയാണ്. അത് മറക്കരുത്. പാലക്കാട് ജില്ലയിലെ കൃഷി നേരിടുന്ന ബുദ്ധിമുട്ടേറിയ സാഹചര്യവും നല്ലതുപോലെ ഗവൺമെന്റിന് അറിയാം. അതുകൊണ്ടുതന്നെയാണ് തുടർച്ചയായി ചർച്ചകൾ നടത്തി കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ഒരു തീരുമാനമുണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നത്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. പക്ഷെ ഇതു സംബന്ധിച്ചുള്ള നിയന്ത്രണങ്ങളൊക്കെ തമിഴ്നാട് ഗവൺമെന്റിന്റെ കയ്യിലാണ്. അവർ വിട്ടു തരുന്നതിനനുസരിച്ചാണ് നമുക്ക് വെള്ളം കിട്ടുന്നത്. നമ്മൾ പ്രതിഷേധിക്കുന്നുണ്ട്. ഇവിടെ നടക്കുന്ന ചർച്ചകളിലൊക്കെ നമ്മുടെ നിലപാട് പറയുന്നുണ്ട്. പക്ഷെ എങ്ങനെയെങ്കിലും ഇതു സംബന്ധിച്ചൊരു ന്യായമായ തീരുമാനം, കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള തീരുമാനമെടുക്കുന്നതിന് തമിഴ്നാട് ഗവൺമെന്റിൽ പരമാവധി സമ്മർദ്ദം ചെലുത്തിക്കൊണ്ടാണ് ഈ ചർച്ചകൾ നടത്തുന്നത്. ആ ചർച്ചകളിൽക്കൂടി ഒരു തീരുമാനമുണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ചുള്ള ചർച്ച മുഖ്യമന്ത്രിമാർ തമ്മിൽ നടത്തിക്കഴിഞ്ഞിരിക്കുകയാണ്. അതിനുശേഷം ജലസേചന വകുപ്പുമന്ത്രിമാർ തമ്മിലും ചർച്ച നടത്തിക്കഴിഞ്ഞു. ഇപ്പോൾ സെക്രട്ടറിമാർ തമ്മിലുള്ള ചർച്ചയാണ് വച്ചിരിക്കുന്നത്. ചർച്ചകൾ ഇങ്ങനെ തുടർന്നുകൊണ്ടുപോകുകയാണ്. അവസാനം ഇതിനൊരു സെറ്റിൽമെന്റ് വില്ലേജ് ഓഫീസർമാർ തമ്മിൽ നടത്തിയിട്ടാണോ ഉണ്ടാക്കാൻ പോകുന്നതെന്ന് സംശയിക്കുകയാണ്. തമിഴ്നാട് സർക്കാർ കരാർ ലംഘനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. അതോടൊപ്പം എന്തെല്ലാം തരത്തിലുള്ള കരാർ ലംഘനമാണ് നടത്തിയിട്ടുള്ളത്, അതിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളത് എന്താണെന്ന് വ്യക്തമാക്കണം. ഇതിന് നഷ്ടപരിഹാരം നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ? ഇതിന്റെയൊക്കെ വിശദവിവരം മുഖ്യമന്ത്രി നൽകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കരാർ ലംഘനം നടത്തിയിട്ടുണ്ടെന്നുള്ളത് ഞാൻ ആദ്യംതന്നെ പറഞ്ഞു കഴിഞ്ഞു. കേരള ഷോളയാർ റിസർവോയറിൽ നിന്നും നമുക്ക് ലഭിക്കേണ്ടത് 12.3 ടി.എം.സി. അടി ജലമാണ്. അത് നമുക്ക് കിട്ടുന്നില്ല. ഈ ക്വാണ്ടിറ്റി ഉറപ്പാക്കുന്നതോടൊപ്പംതന്നെ ഫെബ്രുവരി ഒന്നിനും സെപ്റ്റംബർ ഒന്നിനും കേരള ഷോളയാർ റിസർവോയർ ഫുൾ ആക്കിത്തരണം. ഫുൾ ആക്കിത്തരുകയെന്നു പറയുമ്പോൾ 2663 അടി ലെവലിലാക്കിത്തരണം. അത് കഴിഞ്ഞാൽപിന്നെ 5 അടി താഴെ എപ്പോഴും ആ ജലനിരപ്പ് നിർത്തണം. നമ്മൾ എത്ര ജലമെടുത്താലും അതനുസരിച്ച് അവർ റിസർവോയറിലേയ്ക്ക് 2658 അടി വെള്ളം നിലനിർത്തിത്തരണം. അവർ ഒരിക്കലും ഈ ലെവൽ പാലിക്കാൻ തയ്യാറായിട്ടില്ല. അതുപോലെ പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ അതായത് പറമ്പിക്കുളം പെരുവാരിപ്പള്ളം, തുണക്കടവ്, ലോവർ നീരാർ അവിടെ നിന്നും നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടേണ്ട വാർഷിക ലഭ്യതയായ 16.5 ടി. എം. സി. കഴിഞ്ഞു വരുന്ന 2.5 ടി. എം. സി. അടി ജലം കേരളത്തിന്റെ ചിറ്റൂർപ്പുഴ സിസ്റ്റത്തിൽ എത്തിച്ചു തരണം. 19 ടി. എം. സി. യിൽ കൂടുതലായി വരുന്ന ജലം ചാലക്കുടി ബേയിസിനിലേയ്ക്ക് പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ സ്പിൽവേയിൽ കൂടിയും outlet arrangement-ൽ കൂടെയും തുറന്നു വിടണം. ഇതും അവർ പാലിക്കുന്നില്ല. മൂന്നാമത്തേത് കേരള അതിർത്തിക്കടുത്തുള്ള മണക്കടവ് വിയറിൽ ഉപയോഗ ശൂന്യമായ പ്രളയജലം ഒഴിച്ച്, അവർ പലപ്പോഴും കണക്കുപറയുന്നത്, ഞങ്ങൾ ജലം തന്നുവെന്നാണ്. പക്ഷെ തന്നത് നമ്മൾ അക്സപ്റ്റ് ചെയ്യുന്നില്ല. അതൊഴിച്ച് നമുക്ക് ആവശ്യമുള്ള സമയത്ത് ആവശ്യമുള്ള വെള്ളം തരണമെന്നുള്ള വ്യവസ്ഥയും അവർ ലംഘിച്ചിരിക്കുകയാണ്. അതുപോലെ ഒക്ടോബർ ഒന്നു മുതൽ ജനുവരി മുപ്പത്തിഒന്നു വരെ നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവൻ കേരളത്തിന് കരാർ അനുസരിച്ച് തുറന്നു വിടേണ്ടതാണ്, അതും പാലിക്കുന്നില്ല.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: 2004 ജനുവരി നാലാം തീയതി നടന്ന പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച ചർച്ചയിൽ ആനമലയാറിൽ നിന്ന് 2.5 ടി. എം. സി. ജലം തമിഴ്നാടിന് നൽകാമെന്ന് കരാർ ഉണ്ടാക്കിയിട്ടുണ്ടോ; ഇടമലയാർ പദ്ധതി പൂർത്തീകരിക്കുന്നതിനുമുൻപ് ഇത് നൽകേണ്ടതായിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഈ ചർച്ചകളിലൊന്നും ഒരു കരാറും നമ്മൾ ഉണ്ടാക്കിയിട്ടില്ല. 1988 തുടങ്ങി ഇങ്ങോട്ട് 19 ചർച്ചകൾ നടത്തി. ആ ചർച്ചകളിൽ ഒന്നും കരാറൊന്നുമായിട്ടില്ല. പല നിർദ്ദേശങ്ങളും ആവശ്യങ്ങളും അങ്ങോട്ടുമിങ്ങോട്ടും ഉന്നയിച്ചിട്ടുള്ളതല്ലാതെ എഗ്രിമെന്റുകളൊന്നുമായിട്ടില്ല.

ശ്രീ. കെ. സി. ജോസഫ്: കഴിഞ്ഞ 26 കൊല്ലങ്ങളായി ചർച്ചകളും കരാർ ലംഘനങ്ങളും സമാന്തരമായി പോകുന്ന ഒരു സാഹചര്യം കണക്കിലെടുത്തു കൊണ്ട് മുഖ്യമന്ത്രി പറഞ്ഞതുപോലെ കേരളത്തിന് ലഭ്യമായ, അവകാശപ്പെട്ട ജലം മേലിലെങ്കിലും ലീൻ പീരീഡിൽ കിട്ടാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; ചർച്ചയുടെ ഭാഗമായി ഈ കാര്യത്തിലെങ്കിലും ഒരു പുതിയ ധാരണയുണ്ടാക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഗവൺമെന്റ് ലെവലിൽ തുടർച്ചയായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുന്നത് ഈ സാഹചര്യത്തിലാണ്. പാലക്കാട് നേരിടുന്ന ഗുരുതരമായ ജലദൗർലഭ്യം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് തുടർച്ചയായി ഈ ചർച്ചകൾ നടത്തുന്നത്. വരൾച്ചയാണ്, ഞങ്ങൾക്ക് വെള്ളം കിട്ടുന്നില്ല, അതു കൊണ്ടാണ് വെള്ളം തരാത്തത് എന്നുള്ള നിസ്സഹായത അവർ പ്രകടിപ്പിക്കുന്നുണ്ട്. പക്ഷെ നമ്മളെ സംബന്ധിച്ചിടത്തോളം, എഗ്രിമെന്റ് അനുസരിച്ച് നമുക്ക് ലഭിക്കേണ്ടത് കിട്ടാൻ വേണ്ടിയുള്ള ശ്രമങ്ങൾക്ക് ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ട് മുന്നോട്ടുപോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: 6-11-2004-ൽ ചെന്നൈയിൽ നടന്ന മുഖ്യമന്ത്രിമാരുടെ ചർച്ചയിൽ ഉണ്ടായ ധാരണയനുസരിച്ച് മണക്കടവ് വിയറിനും മൂലത്തറ റഗുലേറ്ററിനുമിടയിൽ സ്ഥാപിച്ചിട്ടുള്ള അൺ ആതറൈസ്ഡ് പമ്പുകൾ നീക്കം ചെയ്യൽ, കെട്ടിടങ്ങൾ വിട്ടുകിട്ടൽ, ഈ രണ്ടു കാര്യങ്ങളിലെങ്കിലും സമയബന്ധിതമായി തീരുമാനമുണ്ടാക്കാൻ ദയവായി നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: തമിഴ്നാട് ഈ രണ്ടു കാര്യങ്ങളും ഇങ്ങോട്ട് സമ്മതിച്ചിരുന്നു. നമ്മൾ അങ്ങോട്ടും രണ്ട് കാര്യങ്ങൾ സമ്മതിച്ചിട്ടുണ്ട്. ഈ ധാരണയനുസരിച്ച് കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ തമിഴ്നാട് ഗവൺമെന്റും കൊടുത്തിട്ടുണ്ട്, നമ്മുടെ ഗവൺമെന്റും കൊടുത്തിട്ടുണ്ട്. അത് എത്രയും വേഗം പൂർത്തീകരിക്കും.

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* 27-ാം തീയതി നടന്ന ചർച്ചയിലും ചെന്നൈയിൽ വച്ച് മുഖ്യമന്ത്രിമാർ പരസ്പരം നടത്തിയ ചർച്ചയ്ക്കു ശേഷവും വന്ന പത്ര വാർത്തകളിൽ നിന്ന് കാണുന്നത് ആനമലയാറിൽ നിന്ന് രണ്ടര ടി. എം. സി. വെള്ളം കേരളത്തോട് ചോദിച്ചിട്ട് അതു സംബന്ധിച്ച് വ്യക്തമായ ഉത്തരം പറയുന്നില്ല. അത് ലഭിച്ചേ ഒക്കുവെന്ന വാർത്തയ്ക്കാണ് പ്രാധാന്യവും മുൻതൂക്കവും പത്രങ്ങളിൽ കണ്ടത്. നമുക്ക് പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് തരേണ്ട വെള്ളം തന്നില്ലായെന്നു മാത്രമല്ല ആവർത്തിച്ചാവർത്തിച്ചുള്ള ലംഘനങ്ങളും ചോർത്തലുകളും നടത്തിക്കൊണ്ടിരിക്കുന്നതു സംബന്ധിച്ച് നമ്മുടെ മന്ത്രിമാർ അവരോട് സംസാരിച്ച കാര്യങ്ങൾക്ക് എന്തുകൊണ്ടാണ് മുൻതൂക്കം വരാതിരുന്നത്; സഫറേഴ്സ് നമ്മളാണ്. നമുക്ക് ഉണ്ടായിട്ടുള്ള വിഷമതകൾ പരിഹരിക്കാനാണല്ലോ നമ്മൾ ചർച്ചയ്ക്ക് പോയത്. ആ ചർച്ചയിൽ ഈ കാര്യങ്ങളെല്ലാം തന്നെ ശക്തമായി ഉന്നയിച്ചുവെങ്കിൽ വാർത്താ പ്രാധാന്യം അതിനല്ലേ ലഭിക്കേണ്ടിയിരുന്നത്; എന്തുകൊണ്ടാണ് അവർ ഇങ്ങോട്ട് വെള്ളം ചോദിച്ചതിന് മുൻതൂക്കം കൊടുത്തിരിക്കുന്നത് എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി എന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: ഈ ചർച്ചകളിൽ പത്രപ്രതിനിധികൾ ഇല്ലായിരുന്നു. പിന്നെ എങ്ങനെയാണ് അങ്ങേയ്ക്ക് ഇങ്ങനെ ഒരു ധാരണ ഉണ്ടായതെന്ന് എനിക്ക് അറിയില്ല. ചർച്ചയ്ക്ക് കേരളമാണ് ഇനിഷ്യേറ്റീവ് എടുത്തത്. ചർച്ച നടത്തണമെന്ന് നമ്മളാണ് ആവശ്യപ്പെട്ടത്. കേരളം ഇനിഷ്യേറ്റീവ് എടുത്ത് ചർച്ച നടത്താനിടയായ സാഹചര്യമെന്നു പറയുന്നത് ഇതു സംബന്ധിച്ച് കേരളത്തിന്റെ താൽപര്യം ഉൾക്കൊണ്ടുകൊണ്ടുതന്നെയാണ്. തമിഴ്നാട് അവരുടെ ആവശ്യം ഉന്നയിക്കുന്നു. അവർ ഉന്നയിക്കുന്ന ആവശ്യം തടയാൻ നമുക്ക് കഴിയുകയില്ല. കേരളത്തിന്റെ ആവശ്യമെന്നു പറയുന്നത് കരാർ ലംഘനം പൂർണ്ണമായി ഒഴിവാക്കി കേരളത്തിന് കിട്ടേണ്ടത് കിട്ടണമെന്നുള്ള ആവശ്യം ഉന്നയിച്ചുകൊണ്ടുതന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: സർ, പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് ഇടമലയാർ പ്രോജക്ടിന്റെ ചെലവായ തുക മുഴുവൻ കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടാനുള്ള വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ സെൻട്രൽ വാട്ടർ കമ്മിഷന് തമിഴ്നാട് നൽകിയ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് സെൻട്രൽ വാട്ടർ കമ്മിഷന് ടെക്നോ ഇക്കണോമിക് ക്ലിയറൻസ് നൽകാത്തതിനെ തുടർന്നാണ് പ്രോജക്ട് കോസ്റ്റ് നമുക്ക് കിട്ടാതെ വന്നിരിക്കുന്നത്. അതോടൊപ്പം തന്നെ ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം എന്ന സ്കീമിൽ നിന്നും 70:30 എന്ന അനുപാതത്തിൽ നമുക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് സഹായം കിട്ടുമായിരുന്നു. അത് രണ്ടും കിട്ടാതെ വന്നത് തമിഴ്നാടിന്റെ പരാതി മൂലമാണ്. അങ്ങനെയിരിക്കേ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന കാര്യങ്ങളൊന്നും തന്നെ പാലിക്കാൻ കേരളം ബാദ്ധ്യസ്ഥമല്ലായെന്നുള്ള നിലപാട് നമുക്ക് സ്വീകരിക്കാമായിരുന്നു. അതുകൊണ്ട് തമിഴ്നാട് സെൻട്രൽ വാട്ടർ കമ്മിഷന് കൊടുത്തിരിക്കുന്ന പരാതി പിൻവലിപ്പിക്കാൻ തമിഴ്നാട് ഗവൺമെന്റിനുമേൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ആനമലയാറിൽ നിന്ന് 2.5 ടി. എം. സി. അടി വെള്ളം വേണമെന്നുള്ള അവരുടെ ആവശ്യം നമ്മൾ സമ്മതിച്ചിട്ടില്ല. സമ്മതിക്കാതിരിക്കുന്നതിന് മുഖ്യ കാരണം, ഇടമലയാർ പദ്ധതി പൂർണ്ണമായി പൂർത്തീകരിച്ചതിനുശേഷം മാത്രമേ നമുക്ക് അതിന് ബാദ്ധ്യതയുള്ളൂ. അത് പൂർത്തീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സെൻട്രൽ വാട്ടർ കമ്മിഷന് തമിഴ്നാട് കൊടുത്തിരിക്കുന്ന പരാതി കാരണമാണ് ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്തത് എന്നുള്ളതും മുഖ്യമായ പ്രശ്നമാണ്. ആനമലയാറിൽ നിന്ന് വെള്ളം കൊടുക്കേണ്ടതിന്റെ നിയന്ത്രണം നമുക്കായതുകൊണ്ട് നമ്മൾ ആ കാര്യത്തിൽ ഉറച്ച നിലപാട് എടുത്തിരിക്കുന്നു. അതുകൊണ്ട് വെള്ളം കൊടുക്കുന്നില്ല. പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് എല്ലാ നിയന്ത്രണവും തമിഴ്നാട് ഗവൺമെന്റിനാണ്. അവർ കരാർ ലംഘനം നടത്തുന്ന അവസരങ്ങളിലെല്ലാം സംസ്ഥാന ഗവൺമെന്റ് പലപ്പോഴും നിസ്സഹായമായ നിലയിലാണ് എത്തിയിട്ടുള്ളത്. തമിഴ്നാടുമായിട്ടുള്ള നല്ല ബന്ധം നിലനിർത്തിക്കൊണ്ട് തന്നെ, ആ ബന്ധം വഷളാക്കാൻ ഒരിക്കലും ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല, കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

ശ്രീ. പി. സി. ജോർജ്ജ്: കേരളാ സെക്രട്ടേറിയറ്റിന്റെ ഒരു പകുതി പതിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആരെങ്കിലും നൽകിയാൽ അത് പരിശോധിക്കാമെന്ന് പറയുന്ന സ്വഭാവമുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്തർ സംസ്ഥാന നദീജല കരാർ സംബന്ധിച്ച് മാറ്റം വരുത്തണമെങ്കിൽ കേരള നിയമസഭയുടെ അംഗീകാരം

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്ന നിയമമുണ്ടായിട്ടും ഈവക കാര്യങ്ങൾ വിശദമായി പഠിക്കാൻ സമയം കണ്ടെത്താതെ അങ്ങ് ചർച്ചയ്ക്ക് പോയിയെന്ന പരാതി എനിക്കുണ്ട്. ആ ചർച്ചയ്ക്ക് പോകുന്ന നാലഞ്ചു ദിവസങ്ങളിലെ പരിപാടികൾ പരിശോധിച്ചപ്പോൾ ഒരു മിനിട്ടുപോലും ഈ കാര്യങ്ങൾ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യാൻ സമയം കിട്ടിയിട്ടില്ലായെന്ന സത്യം നിലനിൽക്കുന്നു. തമിഴ്നാടുമായിട്ട് 19 ചർച്ചകൾ നടന്നു. ഇതുവരെ ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഈ കാര്യങ്ങളെ സംബന്ധിച്ച് ഈ സഭയുടെ വികാരം മനസ്സിലാക്കി, കാര്യങ്ങൾ പഠിച്ച് വിശദമായ ചർച്ച നടത്തുന്നതിന് സമയം കണ്ടെത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഈ ചർച്ചയിൽ ഒരു പ്രയോജനവും ഉണ്ടായില്ലായെന്നു പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. ഈ പ്രശ്നം തീർക്കണമെന്നുള്ള ഇരുവിഭാഗങ്ങളുടെയും ആത്മാർത്ഥമായ സമീപനത്തിന്റെ ഫലമായിട്ടാണ് മുഖ്യ മന്ത്രി തലത്തിലും അതിനുശേഷം മന്ത്രി തലത്തിലും ചർച്ചകൾ നടന്നത്. അതിനു ശേഷം ചീഫ് സെക്രട്ടറി ലെവലിൽ പ്രത്യേക അജണ്ട വച്ച് കാര്യങ്ങൾ ക്രോഡീ കരിച്ചുകൊണ്ട് ചർച്ച നടക്കാൻ പോകുന്നു. ചർച്ചയ്ക്ക് പോകാനിടയായ സാഹച ര്യമെന്നു പറയുന്നത് ഇതിനെ സംബന്ധിച്ച് പഠിച്ച് ഇതിന്റെ ആവശ്യകത പൂർണ്ണ മായി ബോദ്ധ്യപ്പെട്ടതുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം. ഞാൻ ആര് നിവേദനം തന്നാലും സ്വീകരിക്കും. എത്ര പാവപ്പെട്ടവനായാലും സ്വീക രിക്കും. പക്ഷെ എന്താണ് പറയുന്നത് എന്നു നോക്കിയേ തീരുമാനമെടു ക്കുകയുള്ളൂ.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പറമ്പിക്കുളം-ആളിയാർ കരാർ ആസൂത്രിതമായി കേരളത്തെ വൻ ചതിയിൽപ്പെടുത്തിയ ഒരു കരാറാണ്. ആ കെണിയിൽ നിന്ന് മോചനത്തിനുവേണ്ടിയുള്ള ഒരു ശ്രമമാണ് ഇപ്പോൾ നടന്നുകൊ ണ്ടിരിക്കുന്നത്. അതിൽ അഭിനന്ദിക്കുന്നു. പുനരവലോകനം ചെയ്യാൻ കിട്ടിയ സന്ദർഭംപോലും ഒഴിഞ്ഞുമാറി. തമിഴ്നാടിന് വിട്ടുകൊടുക്കലാണ് മുൻ ഗവൺമെന്റ് ചെയ്തത് എന്നത് തർക്കമറ്റ വിഷയമാണ്. അത് കഴിഞ്ഞുപോയ അദ്ധ്യായം. ഇനി ഈ കെണിയിൽ നിന്നും നമുക്ക് രക്ഷനേടണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് നിലവിലുള്ള കരാർ അനുസരിച്ച് വെള്ളം നൽകാതിരിക്കുന്നത് അവർക്ക് വേണ്ടത്ര വെള്ളം കിട്ടാത്തതുകൊണ്ടാണെന്നാണ്. വിരുന്നു വന്നവർ വീട്ടുകാർക്ക് വിളമ്പിക്കൊടുക്കൽ എവിടെയെങ്കിലുമുണ്ടോ സർ? ഇന്ന് പറമ്പിക്കുളം കേരളത്തിലാണ്. ഇവിടെ വിരുന്നു വന്നവർ തമിഴ്നാടാണ്. അതു കൊണ്ട് ഈ പുനരവലോകനത്തിൽ വീട്ടുകാർ ആരെന്നും വിരുന്നുകാർ ആരെന്നും വ്യക്തമായി ബോദ്ധ്യം വരണം. അതുകൊണ്ട് പറമ്പിക്കുളം ഗ്രൂപ്പ് ഡാസിന്റെ പൂർണ്ണ നിയന്ത്രണം കേരളത്തിന് ലഭിക്കണം. തമിഴ്നാടിന് എത്ര വെള്ളമാണോ കൊടുക്കേണ്ടത് ആ വെള്ളം നമ്മൾ കൊടുക്കാൻ സമ്മതിക്കുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

അതിന് യാതൊരു തടസ്സവും ഉണ്ടാകാൻ പാടില്ല. കരാർ ലംഘനം നടത്തി വെള്ളം തരാതിരിക്കുകയാണെങ്കിൽ അതിന് പിഴ ചുമത്തി അടുത്ത വർഷങ്ങളിൽ വെള്ളം ലഭ്യമാക്കണം. അതിന് ശേഷമേ അതാതു വർഷത്തെ വെള്ളം എടുക്കുവാൻ പാടുള്ളൂ. ഇതിനൊക്കെ പരിഹാരം ഉണ്ടാകണമെങ്കിൽ അട്ടപ്പാടിയിലെ മുക്കാലിയിൽ മുൻ ജലസേചന വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ് തുടങ്ങാൻ ആരംഭിച്ച തടയണ കെട്ടലാണ് ഒരു പ്രധാന പരിഹാരം. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതാണ് ഇന്നത്തെ ഏറ്റവും മുഖ്യമായിട്ടുള്ള പ്രശ്നം. കാരണം, പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് ഇതിന്റെ ഒരു നിയന്ത്രണവും നമുക്കില്ല. തമിഴ്നാടിനാണ് നിയന്ത്രണങ്ങളെല്ലാം. അതുകൊണ്ട് വന്നിട്ടുള്ള ബുദ്ധിമുട്ടാണ്. ആനമലയാറിൽ നിന്ന് അവർ എത്ര ആവശ്യപ്പെട്ടിട്ടും നമുക്ക് നഷ്ടം വരാത്തത് എന്തുകൊണ്ടാണ്? നമ്മളാണ് ഒരു തീരുമാനം എടുക്കേണ്ടത്. കേരളത്തിന്റെ താൽപ്പര്യം അനുസരിച്ച് നമ്മൾ തീരുമാനം എടുക്കുന്നതുകൊണ്ട് ആ ആവശ്യം നമ്മൾ അംഗീകരിച്ച് കൊടുക്കുന്നില്ല. അതേ സമയം പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് ഇതിന്റെയെല്ലാ നിയന്ത്രണവും തമിഴ്നാടിന്റെ കയ്യിലാണ്. അതുകൊണ്ട് ഒരു ഉഭയകക്ഷി ചർച്ചയിലൂടെ, പരസ്പര ധാരണയോടുകൂടി ഒരു തീരുമാനത്തിൽ എത്തിയാൽ മാത്രമേ നമുക്ക് ഈ കാര്യത്തിൽ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയിലുണ്ട്. അതുകൂടി കണക്കിലെടുത്തുകൊണ്ടാണ് ചർച്ച നടക്കുന്നത്.

ശ്രീ. ബിനോയ് വിശ്വം: സർ, ഈ നദീജല ചർച്ചയുടെ പ്രാധാന്യത്തെക്കുറിച്ച് നമുക്ക് നല്ലവണ്ണം ബോദ്ധ്യമുള്ളതാണ്. തമിഴ്നാട് നമ്മെ നിരന്തരമായി കബിളിപ്പിക്കുകയാണ് ചെയ്യുന്നത്. വിരുന്നുവന്നവർ വീട്ടുകാരായ പ്രശ്നം വരെ ഇവിടെ പറഞ്ഞു. ഈ ചുറ്റുപാടിൽ മുഖ്യമന്ത്രി ഇവിടെ നിന്നും ചർച്ചയ്ക്കു പോയി. ആ ചർച്ച 18-ാമത്തേത് ആയിരുന്നു. കേരളത്തിന്റെ ഏറ്റവും ന്യായമായ കാര്യങ്ങൾ ഫലപ്രദമായി മുന്നോട്ടു വയ്ക്കേണ്ട, ധാർമ്മികമായ നല്ല കരുത്ത് വേണ്ട ആ ചർച്ചയിൽ കേരളത്തിന് സ്വന്തം വാദങ്ങളെ ഫലപ്രദമായി അവതരിപ്പിക്കുവാൻ കഴിയാതെ പോയി എന്നും അതുകൊണ്ടുതന്നെ ഉണ്ടായ പരിമിതമായ ധാരണപോലും പ്രാവർത്തികമാക്കാൻ കഴിയാതെ പോകും എന്നുമുള്ള നിരീക്ഷണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിന് കാരണമായി പറയുന്നത് മുഖ്യമന്ത്രിയുടെ ഗവൺമെന്റിന് ഏറ്റവുമധികം കറുത്ത പ്രതിച്ഛായയുള്ള ഒരു മന്ത്രിയെ കൂട്ടിയാണ് ചർച്ചയ്ക്കു പോയത്. ആ ചർച്ചയ്ക്കുപോയ മന്ത്രിയുടെ പങ്കാളിത്തം തന്നെ കേരളത്തിന്റെ ധാർമ്മിക ബലത്തെ തകർത്തു എന്ന ഒരു വാദം ഉണ്ട്. അതിനെക്കുറിച്ച് മുഖ്യമന്ത്രിക്ക് ബോദ്ധ്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട മെമ്പറുടെ പരാമർശം വളരെ നിർഭാഗ്യകരമായിപ്പോയി. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ അണുകിട വിട്ടു കൊടുക്കുന്ന പ്രശ്നം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാവില്ല. ഈ കരാർ ഏത് കാലത്ത് ഉണ്ടാക്കിയെന്നും ഏത് കാലത്താണ് ഈ കരാറിന്റെ കാലാവധി തീർന്നതെന്നുള്ളതും ബഹുമാനപ്പെട്ട മെമ്പർ മറക്കരുത്. ആരാണ് ഈ കരാർ ഒപ്പിട്ടതെന്നും എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ഇവിടെ കാലാകാലങ്ങളിൽ മാറിമാറി വന്ന എല്ലാ ഗവൺമെന്റുകളേയും ഒരുപോലെ ഡിഫന്റ് ചെയ്തുകൊണ്ടാണ് സംസാരിച്ചത്. കാരണം കേരളത്തിന്റെ താൽപ്പര്യം പൊതുതാൽപ്പര്യമാണ്. ഇതിനകത്ത് രാഷ്ട്രീയമല്ല വേണ്ടത്. ഇതിനകത്തുപോലും സങ്കുചിതമായ രാഷ്ട്രീയം കലർത്താൻ ശ്രമിച്ച മെമ്പറുടെ നിലപാട് നിർഭാഗ്യകരമായിപ്പോയി.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, പാലക്കാട് ജില്ലയിൽ നിന്ന് രണ്ട് നദികൾ-ശിരുവാണിപ്പുഴ, ഭവാനിപ്പുഴ കൂടാതെ തമിഴ്നാട് തിരിച്ചുവിട്ട വരട്ടയാർ ഒക്കെ നമ്മുടെ ജില്ലയിൽ നിന്നും ഉത്ഭവിച്ച് നമ്മുടെ ജില്ലയിലൂടെ ഒഴുകി തമിഴ്നാട്ടിലേക്ക് പോകുകയാണ്. നമുക്ക് അർഹതപ്പെട്ട രണ്ടര ടി. എം. സി. വെള്ളം ലഭിക്കാൻ ഈ പുഴകളിൽ ശിരുവാണിപ്പുഴയിൽ എ. വി. ഐ. പി. യും ഭവാനിപ്പുഴയിൽ മുക്കാലിയിൽ തടയണയും നിർമ്മിക്കാൻ കേരള സർക്കാർ തീരുമാനം എടുത്തിരുന്നു. പക്ഷേ ഇപ്പോൾ അത് അനിശ്ചിതമായി നീണ്ടു പോവുകയാണ്. ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നയം അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഇവിടെ പറഞ്ഞ കാര്യം ജലസേചന വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ എന്താണ് ചെയ്യാൻ പറ്റുന്നത് എന്നുള്ളത് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി പറയും.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* മുക്കാലിയിൽ തടയണ ഉണ്ടാക്കുന്ന കാര്യത്തിൽ ചില സ്റ്റെപ്സ് എടുത്തതാണ്. പക്ഷേ അത് കോടതിയിൽ പോയി. പിന്നീട് അവിടുന്ന് നടപടികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം വന്നതുകൊണ്ടാണ് നമുക്ക് അതിന് കഴിയാത്തത്. നമ്മുടെ സംസ്ഥാനത്ത് ജലദൗർലഭ്യം ഉണ്ട്, നേരത്തേ ഇവിടെ മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ നമുക്ക് ജലം ലഭിക്കാതിരിക്കാൻ സാദ്ധ്യമല്ല. ഈ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്ന പ്രശ്നമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം ഒരിക്കൽ കൂടി ഞാൻ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: 19 ചർച്ചകൾ നടന്നു എന്ന് ഇവിടെ മുഖ്യമന്ത്രി പറഞ്ഞു. 1986-ൽ തീരേണ്ട കരാറാണ്. ഇങ്ങനെ എത്രകാലം പോകും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്ര ദീർഘകാലം പോയാൽ അതിന് പരിഹാരം വേണ്ടേ? രണ്ടു വിഭാഗത്തിനും ഉപകാരപ്രദമായ ആർബിട്രേഷൻ തുടങ്ങിയിട്ടുള്ള നടപടികൾ ഉണ്ടല്ലോ. അത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? അതായിരിക്കും ഗുണകരമെങ്കിൽ അത്തരത്തിലുള്ള നടപടികൾക്ക് പോകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട മെമ്പർ, ഒരു വർഷത്തെയൊക്കെ ഇടവേളയ്ക്കകത്താണ് മുൻപ് ചർച്ചകൾ നടന്നിട്ടുള്ളത്. ഇപ്പോൾ കൂടെക്കൂടെ ചർച്ച നടക്കുന്നുണ്ട്. ഈ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകേണ്ടത് കേരളത്തിന്റെ ആവശ്യമാണ്. അതുകൊണ്ടാണ് ഈ കാര്യത്തിൽ എത്രയും വേഗത്തിൽ ഒരു തീരുമാനം ഉണ്ടാക്കാൻ ശ്രമിക്കുന്നത്. അതേസമയം നമ്മുടെ താൽപ്പര്യങ്ങൾക്ക് കോട്ടം സംഭവിക്കാൻ പാടില്ല. തമിഴ്നാടുമായുള്ള ബന്ധം വഷളാക്കാൻ നമ്മൾ ആഗ്രഹിക്കുന്നില്ല. ഇങ്ങനെയുള്ള പല പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചർച്ച ചെയ്യുന്ന സമയത്ത് ഒരു പ്രാവശ്യത്തെ ചർച്ച ചെയ്യുന്നതോടുകൂടി തീരുമാനം എടുക്കാൻ പറ്റില്ല. മുഖ്യമന്ത്രി ശരിക്കും പഠിക്കാതെ പോയതുകൊണ്ടാണ് എന്നുള്ള അഭിപ്രായം പറഞ്ഞാൽ, അത് ശരിക്കും പഠിച്ച ശേഷമാണ് ചർച്ച ചെയ്യണമെന്ന് തന്നെ തീരുമാനിക്കുന്നത്. അല്ലാതെ ഈ ചർച്ചയെന്നുള്ളത് തമിഴ്നാട് ഇങ്ങോട്ട് ആവശ്യപ്പെട്ടതല്ല. ഞങ്ങൾ അങ്ങോട്ട് ആവശ്യപ്പെട്ടിട്ടാണ് ആ ചർച്ച വയ്ക്കാൻ തന്നെ ഇടയായത്. നമ്മുടെ താൽപ്പര്യം, പ്രത്യേകിച്ച് പാലക്കാട് തുടർച്ചയായി ഉണ്ടാകുന്ന വരൾച്ചയുടെ സാഹചര്യം സംബന്ധിച്ച് ആ പ്രദേശത്തെ എം.എൽ.എ. മാർ ശക്തമായിട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഒരു ചർച്ചയ്ക്ക് ഏർപ്പെട്ടത്. കേരളത്തിന്റെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് തീരുമാനം ഉണ്ടാക്കാൻ പരമാവധി ശ്രമിക്കും.

ശ്രീ. കെ. അച്ചുതൻ: സർ, പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് മണക്കടവിലാണ് നമുക്ക് വെള്ളം അളന്നു തരുന്നത്. മണക്കടവിൽ നിന്നും മൂന്നു കിലോമീറ്ററോളം തമിഴ്നാടാണ്. ആ തമിഴ്നാടിന്റെ പ്രദേശത്ത് 33 ഓയിൽ എഞ്ചിനും മോട്ടോറുമായിട്ട് പ്രവർത്തിച്ച് വെള്ളം കിലോമീറ്ററോളം ദൂരം പമ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. അത് ആര് വിചാരിച്ചാലും നിർത്താൻ കഴിയുന്നതല്ല. കഴിഞ്ഞ വർഷം ശ്രീ. ടി. എം. ജേക്കബ് മിനിസ്റ്റർ വളരെ താൽപ്പര്യമെടുത്തുകൊണ്ട് അത് നിർത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ എല്ലാ മോട്ടോറുകളും നീക്കം ചെയ്തതാണ്. എന്നാൽ 24 മണിക്കൂറിനകത്ത് അത്

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും അവിടെ ഫിറ്റ് ചെയ്തു കഴിഞ്ഞു. ഞാൻ ഇന്നലേയും അവിടെ പോയി നോക്കിയതാണ്. ആ മോട്ടോറുകൾ എല്ലാം വർക്ക് ചെയ്യുന്നുണ്ട്. ഈ വെള്ളം പമ്പ് ചെയ്യുന്നത് ഒഴിവാക്കാൻ മണക്കടവിൽ നമുക്ക് വെള്ളം അളന്നു തന്നതിനു ശേഷം നമ്മുടെ ബോർഡറായ മൂലത്തറയിൽ ഒരു വിയർ കെട്ടി അവിടെ അളന്നാൽ മാത്രമേ നമുക്ക് 7.25 ടി. എം. സി. വെള്ളം ഉറപ്പ് വരുത്താൻ കഴിയുകയുള്ളൂ. 33 മോട്ടോർ 24 മണിക്കൂർ ഓടുകയാണ്. 25 എച്ച്. പി. മോട്ടോർ വരെയുണ്ട്. അതൊക്കെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മിനിസ്റ്റർ നേരിട്ട് കണ്ടതാണ്. നമുക്ക് അളന്നു തരുന്ന വെള്ളം നമ്മുടെ ബൗണ്ടറിയിൽ വച്ച് അളന്നു തന്നാൽ ഒരു പ്രശ്നവും ഉണ്ടാവില്ല. അതുകൊണ്ട് ഒരു വിയർ കെട്ടി മൂലത്തറയിൽ അളക്കാനുള്ള സംവിധാനം അടുത്ത കരാറിൽ ഉണ്ടാക്കണമെന്ന് മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നേരത്തെ പറഞ്ഞതുപോലെ മണക്കടവിൽ അളക്കുകയും പിന്നീട് മൂന്നു കിലോമീറ്റർ താഴെയുള്ള മൂലത്തറ റഗുലേറ്ററിന്റെ അവിടെ ബോർഡർ വയ്ക്കുകയും ചെയ്താൽ അതിന് രണ്ട് പ്രശ്നങ്ങളുണ്ട്. മണക്കടവിൽ നമുക്ക് കൃത്യമായി അളവ് ലഭിക്കണം. പക്ഷേ മണക്കടവ് മുതൽ മൂലത്തറ വരെയുള്ള മൂന്നു കിലോമീറ്റർ ദൂരത്തിലുള്ള മഴ വെള്ളം നമുക്ക് ഇതിനപ്പുറത്തായി ലഭിക്കുകയാണ്. അപ്പോൾ നമ്മൾ മൂലത്തറ അളന്നാൽ പിന്നീട് ഈ മൂന്ന് കിലോമീറ്റർ ദൂരമുള്ള മഴവെള്ളം നമുക്ക് ലഭിക്കാതെ പോകും എന്ന ഒരു വാദഗതി ഇവിടെ നിൽക്കുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം മുപ്പത്-മുപ്പത്തിയഞ്ച് മോട്ടോറുകൾ അവിടെ ഉണ്ടായിരുന്നത് ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഒരു ഹ്രസ്വകാല രൂപത്തിൽ അത് നടപ്പാക്കി. പക്ഷേ പിറ്റേ ദിവസം മുതൽ അവിടെ മോട്ടോറുകൾ റന്നെത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം കൊടുത്ത് ചെന്നൈയിൽ നടന്ന ചർച്ചയിൽ ഇത് കംപ്ലീറ്റായിട്ട് മാറ്റാമെന്ന് അവർ പറഞ്ഞിരുന്നു. 27-ാം തീയതി തിരുവനന്തപുരത്ത് നടന്ന മന്ത്രിതല ചർച്ചയിലും ആ നടപടി അടിയന്തിരമായിട്ട് നടപ്പാക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. പക്ഷേ തമിഴ്നാടിന്റെ ടെറിട്ടറി ആയതുകൊണ്ട്, നമുക്ക് ടെറിട്ടോറിയൽ ജൂറിസ്ഡിക്ഷൻ ഇല്ലാത്തതുകൊണ്ട് ആ ഭൂപ്രദേശത്ത് പോയി നമ്മുടെ അധികാരം ഉപയോഗിച്ച് നടപ്പാക്കുവാൻ നേരിട്ട് ബുദ്ധിമുട്ടുള്ളതിനാൽ തമിഴ്നാടിന്റെ കൂടി സഹായമുണ്ടെങ്കിലേ അത് നടപ്പാകൂ. അത് വേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly